പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3422 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സർക്കാർ സർവ്വീസിൽ പട്ടികജാതി -പട്ടികവർഗ്ഗ പ്രാതിനിധ്യം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ)സർക്കാർ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണം ഉറപ്പാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവ് കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി റിസർവ്വ് ചെയ്യുകയും ചെയ്യുന്നു. |
| ബി)പ്രസ്തുത വിഭാഗത്തിനായി റിസർവ്വ് ചെയ്തിട്ടുള്ള തസ്തികകളിൽ സമയബന്ധിതമായി നിയമനം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഉള്ള ക്രമീകരണങ്ങൾ എന്താണ്; | ബി)പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യമുറപ്പാക്കുന്നതിനായി റിസർവ്വ് ചെയ്ത് നൽകുന്ന തസ്തികകളിൽ വകുപ്പുകൾ യഥാസമയം നിയമനം നടത്തുന്നുണ്ടോ എന്ന കാര്യം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്. കൂടാതെ റിസർവ്വ് ചെയ്ത് നൽകിയ തസ്തികകളിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇടയ്ക്കിടെ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും നിയമന നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. |
| (സി)എയിഡഡ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി)എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |

Saseendra

സെക്ഷൻ ഓഫീസർ